# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 541 — 28.09.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണം കിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; | എ) | 2016 വർഷത്തെ ഓണക്കാലത്ത് എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) | 1,53,825/- (ഒരു ലക്ഷത്തി അൻപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച്) കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി. ഇതിനു പുറമെ 14800 പേർക്ക് ഓണക്കോടി വിതരണം ചെയ്തു. 13.11 കോടി രൂപ ഇതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചിലവഴിച്ചു. |
| സി) | ഓണക്കിറ്റിൽ എന്തെല്ലാം വിഭവങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ; | സി) | ഓണക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) അരി - 15 കി.ഗ്രാം<br>2) പഞ്ചസാര - 500 ഗ്രാം<br>3) ചെറുപയർ - 500 ഗ്രാം<br>4) മുളക് പൊടി - 200 ഗ്രാം<br>5) വെളിച്ചെണ്ണ - 500 മി.ലി.<br>6) ശർക്കര - 500 ഗ്രാം<br>7) ചായപ്പൊടി - 200 ഗ്രാം<br>8) പരിപ്പ് - 250 ഗ്രാം<br>9) ഉപ്പ് പൊടി - 1 കി.ഗ്രാം |

| | | | |
|---|---|---|---|
| ഡി) | കിറ്റുകളുടെ വിതരണ രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ ? | ഡി) | സിവിൽസപ്ലൈസ് ഡിപ്പോകളിൽ നിന്നും ഓണക്കിറ്റുകൾ ലഭ്യമാക്കി വിവിധ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ / പ്രോജക്ട് ഓഫീസർമാർ മുഖേനയാണ് വിതരണം ചെയ്യാറുള്ളത്. |

സെക്ഷൻ ഓഫീസർ